LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതാണ് ഇതിലെ പ്രധാന പ്രശ്നം. ഈ തൊഴിലാളികൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത് നിർമ്മാണ മേഖലയിലാണ്. പക്ഷെ നിർമ്മാണ മേഖലയുടെ, Construction worker's Act എന്ന Central Act-ൽനിന്ന് ഇതിന്റെ വിഹിതം മറ്റൊരു ആക്ടിലേയ്ക്ക് മാറ്റാൻ പ്രൊവിഷനില്ല. അതേസമയം നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന ഇവരെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാമെന്നാണ് ആക്ട് പറയുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ ട്രേഡ് യൂണിയനുകളോ മറ്റാരും തന്നെ ഇവരെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. അതൊരു തടസ്സം തന്നെയാണ്. പക്ഷേ അതിനെ മറികടനാള്ള സംവിധാനത്തെക്കുറിച്ചാണ് നമ്മളാ ലോചിക്കുന്നത്. ഇത് നിയമപരമായ തടസ്സമാണ്. ഇവിടെ ഉന്നയിക്കുന്ന ആശങ്കകളോട് ഞാനും യോജിക്കുന്നു. അതിൽ കറെ സത്യാവസ്ഥയുണ്ടെന്നുള്ളത് ശരിയാണ്. കായികാദ്ധ്വാനം ചെയ്യാൻ മലയാളി തയ്യാറാകണമെന്നുള്ളതാണ് ഇതിന് പരിഹാരം. അങ്ങനെ തയ്യാറാകാത്തിടത്തോളംകാലം ഇതര സംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് വരും. അവരെ നമുക്ക് ഒഴിവാക്കാൻ സാധിക്കില്ല എന്നുള്ളതാണ് വസ്തുത.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മുല്ലപ്പെരിയാറിൽ പരിസ്ഥിതി ആഘാത പഠനം

3 (*363) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനം നടത്താൻ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി അപ്രൈസൽ സമിതിയുടെ ജൂൺ 4, 2015-ലെ യോഗം അനുമതി നൽകിയിട്ടുണ്ടോ ;

(ബി) പരിസ്ഥിതി അപ്രൈസൽ സമിതി ഇക്കാര്യം നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്താൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് ആവശ്യമായ നിരാക്ഷേപ പത്രത്തിനുള്ള (NOC യുള്ള) അപേക്ഷ; നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ദേശീയ വന്യജീവി ബോർഡിന്റെ (NBWL-ന്റെ) പരിഗണനയ്ക്കായി സമർപ്പിക്കുകയും; ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശയുടെയും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 26-9-2014-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതി നല്കുകയുമുണ്ടായി. നിലവിലുള്ള വ്യവസ്ഥപ്രകാരം പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതിയോടൊപ്പം; പഠനത്തിന്റെ രൂപരേഖയ്ക്ക് (Terms of Reference) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പോർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരംകൂടി ആവശ്യമാണ്. പ്രസ്തുത അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയും കേരളം സമർപ്പിച്ചിരുന്നു.

കേരളം സ്വീകരിച്ചുവരുന്ന പര്യവേഷണ ജോലികളും പരിസ്ഥിതി ആഘാത പഠനത്തിനുള്ള നടപടികളും നിർത്തിവെക്കണമെന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി ഇടക്കാല ഹർജിയിന്മേൽ അന്തിമതീരുമാനം ആയിട്ടില്ല.

പരിസ്ഥിതി ആഘാത പഠനത്തിന്റെ രൂപരേഖ (TOR) അംഗീകരിക്കുന്നതിനായി കേരളം സമർപ്പിച്ചിരുന്ന അപേക്ഷ, കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ 4-6-2015-ൽ ചേർന്ന യോഗത്തിൽ പരിഗണനയ്ക്കായി എടുത്തിരുന്നു. കേരളത്തിന്റെ ആവശ്യങ്ങൾ പരിഗണനാർഹമാണെന്ന് സമിതി യോഗത്തിൽ അഭിപ്രായ രൂപീകരണമുണ്ടായെങ്കിലും; തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിന്മേൽ തീരുമാനമാകുന്നതുവരെ; കേരളം സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്ന കാര്യം നീട്ടിവെയ്ക്കുവാനാണ് (defer ചെയ്യുവാനാണ്) Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിന്റെ അപേക്ഷ പരിസ്ഥിതി അപ്രൈസൽ സമിതി നിഷേധിച്ചതായി രേഖാമൂലമുള്ള അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള ചില പത്രക്കുറിപ്പുകൾ (Press release) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം (EIA Study) കഴിവതും വേഗം തുടങ്ങുവാനുള്ള നിയമാനുസരണ നടപടി കളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും നിയമ വിദഗ്ധരുടെ ഉപദേശം കൂടി ആരാഞ്ഞുകൊണ്ട് സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

## പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

4 (*364) ശ്രീ. സി. കൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികളും വിവിധതരം പനിയും വ്യാപിക്കുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡോക്ടർമാരുടെ ഒഴിവ് നികത്താനും, പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ അടിസ്ഥാന മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കാനുമായി എന്തൊക്കെ ചെയ്തെന്ന് അറിയിക്കുമോ ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) പരിശോധിച്ചിട്ടുണ്ട്. മഴക്കാലാരംഭത്തിൽ വൈറൽ പനികളാണ് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം വൈറസ്സുകളുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കുന്നതുകൊണ്ടാണ് പ്രധാനമായും ഈ വർദ്ധനവുണ്ടാകുന്നത്. എച്ച്1 എൻ1 എന്ന വൈറസ് രോഗവും ഡെങ്കിപ്പനിയും ഈ വർഷം രാജ്യവ്യാപകമായുണ്ടായ വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ട്. അന്തരീക്ഷ താപത്തിലെ മാറ്റങ്ങളും കാലാവസ്ഥാ മാറ്റങ്ങളും പാരിസ്ഥിതിക മാറ്റങ്ങളു മൊക്കെ വിവിധതരം വൈറസ് രോഗങ്ങളുടെ വ്യാപനത്തിന്



LIBRARY ARCHIVES Kerala Legislative Assembly